പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1754 16.2.2016 ൽ മറുപടിയ്ക്ക്

**ജനസമ്പർക്ക പരിപാടി- വയനാട് ജില്ല**

**ചോദ്യം** **മറുപടി**

ശ്രീ.എം.വി.ശ്രേയാംസ് കുമാർ ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | |
|---|---|
| എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ വയനാട് ജില്ലയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി എത്ര അപേക്ഷകൾ ലഭ്യമായി എന്ന് വിശദമാക്കുമോ.; | എ) 2011, 2013, 2015 വർഷങ്ങളിലായി നടത്തിയ മൂന്ന് ജനസമ്പർക്ക പരിപാടികളിലായി ആകെ 67,062 അപേക്ഷകൾ ലഭിച്ചു. |
| ബി) ഇതിൽ എത്ര പരാതികൾക്ക് ഇതുവരെ പരിഹാരം കണ്ടെത്തിയിട്ടുണ്ട് എന്നതിന്റെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ; | ബി) ഇതിൽ വൈത്തിരി താലൂക്കിലെ 4,040 അപേക്ഷകൾക്കും സുൽത്താൻബത്തേരി താലൂക്കിലെ 2,901 അപേക്ഷകൾക്കും മാനന്തവാടി താലൂക്കിലെ 4,279 അപേക്ഷകൾക്കും പരിഹാരമായിട്ടുണ്ട്. മറ്റു ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ളതും പരിഹരിച്ചിട്ടുള്ളതുമായ പരാതികളുടെ താലൂക്ക് തിരിച്ചുള്ള കണക്ക് ക്രോഡീകരിച്ചിട്ടില്ല. |
| സി) ഇതിൽ സാമ്പത്തിക സഹായത്തിനുള്ള അപേക്ഷകൾ എത്രയെണ്ണം ഉണ്ടായിരുന്നു എന്നതിന്റെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ? | സി) ഇതിൽ സാമ്പത്തിക സഹായത്തിനായി വൈത്തിരി താലൂക്കിൽ നിന്നും 4,360 അപേക്ഷകളും സുൽത്താൻബത്തേരി താലൂക്കിൽ നിന്നും 1,634 അപേക്ഷകളും മാനന്തവാടി താലൂക്കിൽ നിന്നും 2,529 അപേക്ഷകളും ഉണ്ടായിരുന്നു. |

സെക്ഷൻ ഓഫീസർ